# കണ്ടൽവനങ്ങൾ
## നീർപ്പക്ഷികളുടെ താവളം

അജ്ഞ കെ. ആർ., എ. ഗോപാലകൃഷ്ണൻ

ഫോറസ്റ്റ് സർവ്വേ ഓഫ് ഇന്ത്യ പ്രസിദ്ധീകരിച്ച 2019 ലെ 'ഇന്ത്യൻ വനങ്ങളുടെ സ്ഥിതിവിവരക്കണക്കിൽ' രാജ്യത്ത് ആകെയുള്ള കണ്ടൽവന വിസ്തൃതിയിൽ 54 ച. കി. വർദ്ധനവ് രേഖപ്പെടുത്തപ്പെട്ടത് പല നിലയ്ക്കും സന്തോഷകരമായ മുന്നേറ്റമാണ്. അതീവ പ്രാധാന്യമുള്ള കണ്ടൽവനങ്ങൾ ലോകമെമ്പാടും വളരെ അമൂല്യമായിട്ടാണ് പരിഗണിക്കപ്പെടുന്നത്. ഉഷ്ണമേഖലാ വനവിസ്തൃതിയുടെ ഒരു ശതമാനം മാത്ര മാണുള്ളതെങ്കിലും തീരദേശ മനുഷ്യരും മറ്റ് ജീവജാലങ്ങളും നിരന്തരം നേരിട്ട് ഇടപെടുകയും ആശ്രയിക്കുകയും ചെയ്യുന്ന ഈ പ്രത്യേക ആവാസവ്യവസ്ഥ പകരംവെയ്ക്കാനാവാത്ത എണ്ണമറ്റ സേവനങ്ങളുടെ സ്രോതസ്സാണ്.

നമ്മുടെ വ്യാവസായിക-സാമ്പത്തിക വികസന പ്രവർത്തനങ്ങൾ മിക്കപ്പോഴും തീരപ്രദേശങ്ങളിൽ കൂടുതലായി കേന്ദ്രീകരിക്കപ്പെട്ടതിന്റെ ഫലമായി അതിവേഗം വിസ്തൃതിശോഷണം സംഭവിച്ച



നീലക്കോഴി

ഇടങ്ങളിൽ ഒന്നാണ് കണ്ടൽവനമേഖലകൾ. അതിനൊപ്പം ജനപ്പെരുപ്പവും വാസനിർമ്മിതികളും തുടർന്നുണ്ടായ അനിയന്ത്രിത മലിനീകരണവും ഒക്കെയായി നശീകരണത്തിന്റെ ആക്കം കൂട്ടിയ ചാലകശക്തികൾ ഏറെയാണ്. ഇന്നിപ്പോൾ ഇന്ത്യയിൽ  അവശേഷിക്കുന്ന കണ്ടൽവനമേഖല 4975 ച.കി. ആണ് (ഇന്ത്യൻ ഭൂവിസ്തൃതിയുടെ 0.15 ശതമാനം മാത്രം). ഇതിലേക്ക് സംസ്ഥാനതലത്തിൽ അഞ്ചാം സ്ഥാനത്തുള്ള കേരളത്തിന്റെ സംഭാവനയാകട്ടെ വെറും 9 ച. കി. മാത്രവും. 2017 ലെ കണക്കിലും സ്ഥിതി ഇതുതന്നെയായിരുന്നു. കണക്കുകൾ അനുസരിച്ച് അല്പംപോലും വർധനവ് ഉണ്ടായില്ലെങ്കിലും ഒട്ടും കുറവ് രേഖപ്പെടുത്തിയില്ല എന്ന് നമുക്ക് ആശ്വസിക്കാം. ഇതേ കണക്കുകൾ പ്രകാരം കേരളത്തിൽ കണ്ണൂർ, എറണാകുളം, കാസർഗോഡ് ജില്ലകളിലാണ്  98.5 ശതമാനവും കണ്ടൽവനങ്ങൾ ഉള്ളത്. ആലപ്പുഴ, കൊല്ലം, തൃശ്ശൂർ, കോഴിക്കോട് ജില്ലകളിലായി ബാക്കിയുള്ളവയും കാണപ്പെടുന്നു.

കണ്ടലുകളെ ആശ്രയിക്കുന്ന പ്രമുഖ ജീവിവർഗ്ഗം എന്ന നിലയിൽ പക്ഷികൾ പരക്കെ അംഗീകരിക്കപ്പെട്ടിട്ടുണ്ട്. നീർപ്പക്ഷികളും അല്ലാത്തവയും കണ്ടൽക്കാടുകളിലെ സ്ഥിര സാന്നിധ്യമാണ്. ചേക്കയിരിക്കാനും കൂടുകൂട്ടാനും ഇരതേടാനും ഒക്കെ അനുയോജ്യമായ ഇടമെന്നനിലയിൽ കണ്ടലുകൾ പ്രധാനമാണ്. ഇടതൂർന്ന കണ്ടൽക്കാടുകളിൽ വലിയ ജീവികളുടെ സ്വൈരവിഹാരം ഉണ്ടാകില്ലെന്നുള്ളത് മറ്റൊരു ഗുണമാണ്. ഭക്ഷണ സമൃദ്ധമായ ചുറ്റുപാടുകൾ ആണ് എല്ലാറ്റിനും മുകളിൽ മുഖ്യ ആകർഷണം. നമ്മുടെ നാട്ടിൽ എത്തുന്ന ദേശാടനപക്ഷികളിൽ വൈവിധ്യം കൊണ്ടും എണ്ണംകൊണ്ടും ഏറ്റവും മുന്നിൽ നിൽക്കുന്ന ഒരു കൂട്ടർ നീർപ്പക്ഷികൾ (Waterfowls & Waders) ആണ്. അവരുടെ പ്രധാന വിഹാരകേന്ദ്രങ്ങളാകട്ടെ നദീമുഖങ്ങളും അതിനോടനുബന്ധിച്ച തീരങ്ങളും ചതുപ്പുകളും ചെറുതുരുത്തുകളും ഒക്കെയാണ്. ഈ പ്രദേശങ്ങൾ തന്നെയാണ് പ്രധാന കണ്ടൽവന മേഖലകളും.

കേരളത്തിലെ കണ്ടൽ  പക്ഷിവൈവിധ്യം പരിശോധിക്കുന്നത് കണ്ടൽക്കാടുകളുടെ വരുംകാല സംരക്ഷണപ്രവർത്തനങ്ങൾക്ക് നല്ലൊരു ന്യായീകരണം കൂടിയായിരിക്കും. ഒരു പ്രദേശത്തിന്റെ ജൈവ-അജൈവപരിസ്ഥിതിയുടെ ആരോഗ്യനില നിർണ്ണയിക്കുന്നതിൽ പക്ഷി സൂചിക (Wild Bird Index) കൾക്ക് മുഖ്യസ്ഥാനമുണ്ട്. പക്ഷികൾ സ്ഥലകാലത്തിൽ വിശാലമായി വിന്യസിക്കപ്പെട്ടിരിക്കുന്നവയാണ്. അവ എളുപ്പം കാണാനും തിരിച്ചറിയാനും കഴിയുന്നവയും മറ്റു പല ജന്തുവർഗ്ഗങ്ങളെക്കാൾ കൂടുതൽ പഠനവിധേയമായിട്ടുള്ളവയുമാണ്. ഭക്ഷ്യശൃംഖലയിൽ സാധാരണ ഉയർന്ന ശ്രേണിയിൽ ആയതിനാലും മിക്ക രാജ്യങ്ങളിലും അവയുടെ തര-പരിമാണ വിവരങ്ങൾ വർഷങ്ങളായി ലഭ്യമാണ്. വിവരശേഖരണത്തിനായി സ്വയംസന്നദ്ധരായ പൗരസമൂഹം തന്നെ നിലവിലുള്ളതിനാലും പരിസ്ഥിതി വിവാദങ്ങളിൽ പൊതുജനാവബോധം ഉണർത്താൻ ഒരു പ്രധാന ചിഹ്നമായി അവയെ ഉപയോഗിക്കാം. പക്ഷികളെ അടിസ്ഥാനപ്പെടുത്തി ആവാസവ്യവസ്ഥയുടെ ആരോഗ്യനിലവാര അന്വേഷണങ്ങൾ നടത്തുന്നത് ഫലത്തിൽ വളരെ സമഗ്രമായിരിക്കുമെന്ന ഗുണവുമുണ്ട്.

നമ്മുടെ നാട്ടിൽ ഇത്തരം പക്ഷിവിവരാന്വേഷണത്തിന് നേതൃത്വം കൊടുക്കാൻ അനൗദ്യോഗിക കൂട്ടായ്മകളാണ് ഇന്ന് ഏറെയുമുള്ളത്. എല്ലാവിധ ആവാസവ്യവസ്ഥകളിൽ നിന്നുള്ള പക്ഷികളുടെ വിവരവും ചില പൗരശാസ്ത്ര വിവരശേഖരിണികളിൽ (Citizen Science Databases) ഇപ്പോൾ ലഭ്യമാണ്. സമീപ വർഷങ്ങളിലായി വ്യാപകമായ പ്രചാരം സിദ്ധിച്ച, അമേരിക്ക ആസ്ഥാനമായുള്ള ഈ-ബേർഡ് (E.Bird) അത്തരം ഡാറ്റാബേസുകളിൽ ഒന്നാണ്. നമ്മുടെ കണ്ടൽവനങ്ങളുമായി ബന്ധപ്പെട്ട പക്ഷിവൈവിധ്യത്തെക്കുറിച്ച് ഏറ്റവും വിലപ്പെട്ട വിവരം ഇപ്പോൾ ലഭ്യമാകുന്നതും ഇതിൽ നിന്നാണ്. ഇതിൽ ചേർത്തിട്ടുള്ള പക്ഷി നിരീക്ഷണഫലങ്ങളുടെ അടിസ്ഥാനത്തിൽ നൂറിലധികം പക്ഷികൾ വിവിധ കാലങ്ങളിൽ കണ്ടൽവനങ്ങളിലും അതിനോടനുബന്ധിച്ച സമീപ പ്രദേശങ്ങളിലും കണ്ടുവരുന്നതായി മനസ്സിലാക്കാം.

അറബിക്കടലിലേക്ക് നേരിട്ടോ അതല്ലെങ്കിൽ വേമ്പനാട് കായലിലേക്കോ പതിക്കുന്ന, കേരളത്തിലെ  നദികളിൽ അപൂർവ്വം ചിലതിനു മാത്രമേ അവയുടെ മുഖങ്ങളിൽ കണ്ടൽവനങ്ങൾ കാണുന്നുള്ളു. ഇതിൽ ഏറ്റവും പ്രമുഖം വളപട്ടണം പുഴയുടെ അഴിയാണ്. മറ്റൊന്ന് കടലുണ്ടി സംരക്ഷിത മേഖലയാണ്. കേരളത്തിലെ തന്നെ ഏററവും വലിയ അഴിമുഖമായ കൊച്ചിയുടെ സമീപപ്രദേശങ്ങളാണ് വേറൊന്ന്. ഇതു കൂടാതെ വേമ്പനാട് കായലിന്റെ പല ഭാഗങ്ങളിലും ഏറിയോ കുറഞ്ഞോ കണ്ടൽവനങ്ങൾ കാണപ്പെടുന്നു. കുമരകം അക്കുട്ടത്തിൽ


ചാരമുണ്ടി


ചാരമുണ്ടി


ചോരക്കാലി



കാക്കമീൻകൊത്തി

പ്രസിദ്ധമാണ്. കൊല്ലം ജില്ലയിൽ അഷ്ടമുടി കായലുമായി ബന്ധപ്പെട്ടാണ് തെക്കൻ കേരളത്തിലെ പ്രധാന കണ്ടൽക്കാടുകളുള്ളത്. തൃശ്ശൂർ ജില്ലയിലെ ചേറ്റുവയിലും ഇടതൂർന്ന കണ്ടൽവനങ്ങൾ കാണപ്പെടുന്നു. ഈ പ്രദേശങ്ങൾ എല്ലാം തന്നെ പ്രധാന പക്ഷിമേഖലകൾ കൂടിയാണ്. കൊച്ചി അഴിയുടെ വടക്കുഭാഗത്തെ വല്ലാർപാടം-പനമ്പുകാട്-പുതുവയ്പ്പ് പ്രദേശം, മംഗളവനം പക്ഷിസങ്കേതം എന്നിവിടങ്ങളിലൊക്കെ കണ്ടൽവനങ്ങൾ ചെറിയതോതിലാണെങ്കിലും ബാക്കിയുണ്ട്. അതിവേഗം വളരുന്ന നഗരത്തിന്റെ ഈ പ്രമുഖ ഭാഗങ്ങളിലൊക്കെ അവശേഷിക്കുന്ന കണ്ടൽത്തുരുത്തുകൾ വലിയൊരുകൂട്ടം നീർപ്പക്ഷികൾക്ക് താവളമാണ്. ഇതുകൂടാതെ തീരപ്രദേശങ്ങളോടു ചേർന്നുള്ള പല നെൽകൃഷി മേഖലകളിലും ഒറ്റപ്പെട്ട കണ്ടലുകളും വളരെ ചെറിയ കൂട്ടങ്ങളുമൊക്കെ അവശേഷിക്കുന്നത് കാണാൻ കഴിയും. വിശാലമായ പാടങ്ങളിലെപ്പോലെ, വിവിധതരം പക്ഷികൾക്ക് ഭക്ഷണവും സുരക്ഷയും ലഭിക്കുന്ന ഇടങ്ങളാണ് അവശേഷിക്കുന്ന ഈ ചെറിയ തുരുത്തുകൾ ഓരോന്നും.

## പക്ഷികൾ-തരവും വിതരണവും

കണ്ടലുകളിലെ പക്ഷിവിതരണത്തെക്കുറിച്ചുള്ള ശാസ്ത്രീയ അന്വേഷണങ്ങൾ കുറെയധികം വിവരങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട്. ദേശാടകർ, വേലിയേറ്റത്തിന് അനുസൃതമായി സന്ദർശനം നടത്തുന്നവർ, കണ്ടൽമരത്തലപ്പിനെ ആശ്രയിക്കുന്നവർ എന്നിങ്ങനെ വിവിധ പക്ഷിയിനങ്ങളെ തരംതിരിക്കാം. കണ്ടൽവനങ്ങൾ മുഖ്യമായും ഒരു തണ്ണീർത്തട ജൈവവ്യവസ്ഥയാണെങ്കിലും കണ്ടൽമരങ്ങളുടെ സമൃദ്ധി മൂലം നീർപ്പക്ഷികളെക്കൂടാതെ മറ്റ് കാട്ടുപക്ഷികളെയും ഇവയോടനുബന്ധിച്ച് ധാരാളമായി കാണാം. ചെറിയ തേൻകിളികൾ (Sun Birds) തുടങ്ങി വലിയ മീൻപിടിത്തക്കാരായ താലിപ്പരുന്ത് (Osprey) വരെ നീളുന്ന വലിയൊരു പട്ടിക തന്നെയുണ്ട് കണ്ടൽവനക്കിളികളുടേതായി. സാധാരണക്കാർക്ക് സുപരിചിതരായ കാക്കയും മൈനയും തുടങ്ങി അപൂർവ്വദേശാടകരായ അമൂർ ഫാൽക്കൺ വരെ കണ്ടൽ മേഖലയിൽ  രേഖപ്പെടുത്തപ്പെട്ടിട്ടുണ്ട്. എന്നിരുന്നാലും കൊറ്റികളും (Egrets) മുണ്ടികളും (Herons) നീർക്കാക്കകളും (Cormorants) മറ്റു കിളികളെക്കാളുപരി കണ്ടൽവനങ്ങളെ ആശ്രയിക്കുന്നു.

വിവിധ സമയങ്ങളിലെങ്കിലും വർഷം മുഴുവൻ കണ്ടലുകളെ ആശ്രയിക്കുന്ന പക്ഷികളുടെ ഗണത്തിൽ വരുന്നവയാണ് മുൻപറഞ്ഞ നീർക്കാക്കകളും കൊറ്റികളും കുളക്കോഴികളുമൊക്കെ. ഇവ കൂടുകൂട്ടാനും ഇരതേടാനും വിശ്രമത്തിനുമൊക്കെ ഈ മേഖല ഉപയോഗിക്കുന്നു. കണ്ടലിനോടു ചേർന്ന ജലപ്രദേശങ്ങൾ പൊതുവെ മീനുകൾ, ഞണ്ടുകൾ, ചെമ്മീനുകൾ, കക്കകൾ എന്നിവയാൽ സമൃദ്ധമായിരിക്കും.



താലിപ്പരുന്ത്



തങ്കത്താറാവ്

നീർക്കാക്കകൾക്ക് അവയുടെ ശാരീരികമായ സവിശേഷതകൾ മൂലം വേലിയേറ്റ സമയത്ത് കൂടുതൽ ഇരതേടാൻ കഴിയുന്നു. ദേശാടകരായ ചെറിയ നീർപ്പക്ഷികളൊക്കെ മുഖ്യമായും വേലിയിറക്കത്തിന്റെ ആനുകൂല്യത്തിൽ ഇര തേടുന്നവയാണ്. ആ സമയത്തു പ്രത്യക്ഷമാകുന്ന ചെളിപ്രദേശങ്ങൾ അവയ്ക്കുവേണ്ട ചെറുജീവികളാൽ സമ്പന്നമായിരിക്കും. ചെറിയ കക്കകളും ഞണ്ടും വിരകളുമൊക്കെ നിറഞ്ഞ ചെളിയിൽ തുടർച്ചയായി പരതി ഇരതേടുന്ന ഒരു വലിയകൂട്ടം ദേശാടനക്കിളികൾ നമുക്കുണ്ട്. സെപ്റ്റംബർ മുതൽ ഏപ്രിൽ വരെയുള്ള കാലത്ത് അവയുടെ സാന്നിധ്യം പ്രധാനമായും നമ്മുടെ നാട്ടിലെ ചതുപ്പുനിലങ്ങളിലാണ്. ഇപ്പോൾ വർഷാവർഷം കുറഞ്ഞു വരുന്ന അവയുടെ എണ്ണം നമ്മുടെ പരിസ്ഥിതിയുടെ ഘടനാവ്യതിയാനത്തിന്റെ നേർ പ്രതിഫലനമാണ്.

കൊറ്റികളും മുണ്ടികളുമൊക്കെ വേലിയേറ്റത്തിന്റെയും വേലിയിറക്കത്തിന്റെയും സാധ്യതകളെ ഒരുപോലെ ഉപയോഗപ്പെടുത്തുന്നവർ ആണ്. ജലമുയരുമ്പോൾ കണ്ടലിന്റെ താങ്ങുവേരുകളിൽ നിന്നുകൊണ്ട് മീൻപിടിക്കാനും നിലം തെളിയുന്ന സമയം ചെളിയിൽ പൂണ്ടുകിടക്കുന്ന മറ്റു ജീവികളെ വേട്ടയാടാനും അവയ്ക്ക് സാധിക്കുന്നു. ഇവയെപ്പോലെ മീൻകൊത്തികളും (Kingfisher) കണ്ടൽക്കാടുകളിലെ സ്ഥിരസാന്നിധ്യമാണ്. പരുന്ത് വർഗ്ഗത്തിൽപ്പെടുന്ന പല പക്ഷികളും കണ്ടൽമേഖലകളിൽ സർവ്വസാധാരണമാണ്. കൃഷ്ണപ്പരുന്തും ചക്കിപ്പരുന്തുമൊക്കെ ഉദാഹരണം. അവയുടെ വിശ്രമകേന്ദ്രങ്ങൾ എന്ന നിലയിൽ തെങ്ങുകളെപ്പോലെ തന്നെ കണ്ടലുകളും പ്രധാനമാണ്. കൊച്ചിയിലും സമീപപ്രദേശങ്ങളിലുമൊക്കെ കണ്ടലിൽ സജീവസാന്നിധ്യമായ മറ്റൊരു പക്ഷിയാണ് അരിവാൾകൊക്കൻ (Black-Headed Ibis). ചേരക്കോഴി (Oriental Darter) എന്ന പക്ഷിയും കണ്ടൽ തലപ്പുകളിലെ കൗതുകമുള്ള കാഴ്ചയാണ്.

കണ്ടൽക്കാടുകളിലെയും അവയ്ക്കു ചുറ്റുമുള്ള ചതുപ്പുകളിലെയും കാർബൺ വിനിമയ-പരിവൃത്തി സമവാക്യങ്ങളെ സ്വാധീനിക്കുന്ന ഇടപെടൽ നീർപ്പക്ഷികളുടെ ഭാഗത്തുനിന്നുമുണ്ട്. താരതമ്യേന ചെറിയ പക്ഷിക്കൂട്ടങ്ങളായതുമൂലം നമ്മുടെ നാട്ടിൽ അത്ര വലിയ പ്രഭാവം കാണിക്കില്ലായെങ്കിലും അതിബൃഹത്തായ എണ്ണത്തിൽ ദേശാടനപക്ഷികൾ മാസങ്ങളോളം തുടർച്ചയായി ഇരതേടുന്ന ഇടങ്ങളിൽ നിന്നും വലിയ അളവിൽ കാർബൺ (ഭക്ഷണത്തിലൂടെ, അതുവഴി ശരീരനിർമ്മിതിയിലൂടെ) നീക്കം ചെയ്യാൻ സഹായിക്കുന്നുണ്ട്. ഇവയും നീർക്കാക്കകളും കൊറ്റികളുമൊക്കെ വലിയ അളവിൽ വിസർജ്ജനത്തിലൂടെ നൈട്രജൻ നിക്ഷേപിക്കുകയും ചെയ്യുന്നു. ഇത് കണ്ടൽവനങ്ങളിലെ പ്രാഥമികോത്പാദനം (Primary productivity) അഭിവൃദ്ധിപ്പെടുവാൻ ഇടയാക്കുന്നു.

ഒരു കണ്ടൽവനത്തെ ലംബമായി തിരിച്ചാൽ പലതട്ടുകളിലായി പലസമയങ്ങളിൽ വിവിധയിനം പക്ഷികൾ വിതാനിക്കപ്പെട്ടിരിക്കുന്നത് കാണാൻ കഴിയും. മുകളിൽ പറഞ്ഞ പക്ഷികളൊക്കെ ഇരതേടുന്നത് ജലത്തിൽ നിന്നോ മണ്ണിൽ നിന്നോ ആണ്. അതേ സമയം വിശ്രമത്തിനും വെയിൽ കൊള്ളാനുമായി മാത്രം അവ ഉയർന്ന കൊമ്പുകളെ ആശ്രയിക്കുന്നു. മീൻകൊത്തികളാകട്ടെ ഇരപിടിക്കാനായി താരതമ്യേന താഴ്ന്നകൊമ്പുകളും വേരുകളും ഉപയോഗിക്കുന്നു. ഇരയെ ഉന്നംവെയ്ക്കുന്നതും ആഹരിക്കുന്നതുമെല്ലാം അത്തരം കൊമ്പുകളുടെയും വേരുകളുടെയും സൗകര്യത്തിൽ ആയിരിക്കും.

കണ്ടലുകളുടെ ഇലകളിലും ശിഖരങ്ങളിലുമായി ഇരതേടുന്നവയാണ് അടുത്ത കൂട്ടർ. കുരുവിയിനത്തിൽ (Passerines) പെടുത്താവുന്ന ഇവ ഉറുമ്പുകൾ, ഈച്ചകൾ, ചിലന്തികൾ, മറ്റ് ഷട്പദങ്ങൾ, ചെറിയ ഉരഗങ്ങൾ തുടങ്ങി കണ്ടൽപ്പൂക്കളുടെ തേനും ഭക്ഷണമാക്കുന്നു. തേൻകിളികൾ (Sunbird), വേലിത്തത്തകൾ (Bee-eater), ഇത്തിക്കണ്ണിക്കുരുവികൾ (Flowerpecker), ആനറാഞ്ചികൾ (Drongo), കുയിലുകൾ (Koel) എന്നിവരൊക്കെയാണ് ഇക്കൂട്ടത്തിൽ പ്രമുഖർ. ഉപ്പട്ടി (Avicennia sp.) പോലെയുള്ള കണ്ടലിന്റെ ഇലകൾ പുറംതള്ളുന്ന ഉപ്പിന്റെ തരികൾ പലതരം ചിത്രശലഭങ്ങളെ ആകർഷിക്കും. അവയൊക്കെ പല പക്ഷികൾക്കും ഇരയാകുകയും ചെയ്യുന്നു. പ്രധാനമായും കണ്ടലുകളുടെ പരാഗണത്തിനു കാരണമാകുന്നത് ഷട്പദങ്ങൾ ആണെങ്കിലും കുറ്റിക്കണ്ടൽ (Bruguiera sp.), ചുള്ളിക്കണ്ടൽ *(Acanthus ilicifolius)* എന്നിവയുടെ പരാഗണത്തിനു തേൻകിളികൾ മുഖ്യ പങ്കുവഹിക്കുന്നുണ്ട്.

തെക്കുകിഴക്കൻ ഏഷ്യയിലെയും ആസ്ത്രേലിയയിലെയുമൊക്കെ അതിവിശാലമായ കണ്ടൽക്കാടുകളിൽ കണ്ടൽ വിദഗ്ധരായ (Specialist) ആയ പല പക്ഷികളുമുണ്ട്. നമ്മുടെ നാട്ടിൽ പൊതുവെ കണ്ടൽവ്യവസ്ഥകൾ വളരെ ശുഷ്കമായതുമൂലം മുഴുവൻ സമയവും കണ്ടലുകളെ ആശ്രയിക്കുന്ന പക്ഷികൾ ഇല്ലെന്നുതന്നെ പറയാം. എന്നാൽ ഇന്ത്യയിലും (സുന്ദർബൻ) അയൽരാജ്യങ്ങളിലുമൊക്കെയായി കാണപ്പെടുന്ന കണ്ടൽകാവി (Mangrove pitta) എന്ന കിളി ഇത്തരത്തിൽ ഒന്നാണ്.

## സംരക്ഷണവും ആസൂത്രണവും

ആവാസവ്യവസ്ഥാതലത്തിൽ കണ്ടൽക്കാടുകളുടെ ഒരു പോരായ്മ ഘടനാവൈവിധ്യത്തിന്റെ കുറവാണ്. പൊതുവെ ഒരു വിശാലപ്രദേശമാകെ ഒരു പ്രത്യേകയിനം കണ്ടൽ മാത്രം തിങ്ങിവളരുമ്പോൾ ഇത്തരം വൈവിധ്യക്കുറവുണ്ടാകുന്നു. അത്തരം സാഹചര്യങ്ങളിൽ കിളികൾ എന്നല്ല



കുളക്കോഴി



നീലപൊൻമാൻ

എല്ലാവിധ ജീവികളുടെയും കാര്യത്തിൽ വൈവിധ്യക്കുറവ് കാണപ്പെടും. ഇടതൂർന്ന ഇലവിതാനത്തിനു കീഴെ വിവിധങ്ങളായ അടിപ്പടർപ്പുകളുടെ അസാന്നിധ്യം കണ്ടലുകളിലെ ജീവിദൗർലഭ്യത്തിന്റെ പ്രധാന കാരണമാണ്. മറ്റൊരു വിധത്തിൽ പറഞ്ഞാൽ ഒരു കണ്ടൽക്കാടിനുള്ളിലെ വാസസ്ഥാനത്തിന്റെ ഏകാത്മകത്വം (HOMOGENEITY) ആണ് അവയിലെ ജൈവവൈജാത്യത്തിന്റെ വിരളതയുടെ മൂലകാരണം.

കണ്ടൽവനവത്കരണ പദ്ധതികളിൽ വിവിധയിനം കണ്ടലുകൾ ഇടകലർത്തി നടുന്ന രീതികളിലൂടെയും മറ്റും കുറെയൊക്കെ സ്ഥലവൈജാത്യം സൃഷ്ടിക്കാനുള്ള ശ്രമങ്ങൾ നടത്താവുന്നതാണ്. അത് സ്വാഭാവികമായും കൂടുതൽ പക്ഷികളെ ആകർഷിക്കുമെന്നതിൽ സംശയമില്ല. സമീപകാലത്ത് കണ്ടലുകളിൽ നിന്ന് പക്ഷികളെ അകറ്റുന്ന മുഖ്യകാരണങ്ങളിൽ ഒന്ന് ജലമലിനീകരണമാണ്. രാസവസ്തുക്കളും പ്ലാസ്റ്റിക്കും ഒക്കെ തിങ്ങിനിറഞ്ഞ ജലത്തിലാണ് ഇപ്പോൾ പലയിടങ്ങളിലും കണ്ടലുകൾ അവശേഷിക്കുന്നത്. അവിടെ ജലജീവികൾക്ക് അതിജീവനം ദുസ്സഹമായിത്തീരുകയും അവയെ ആശ്രയിക്കുന്ന പക്ഷികളെ പുതിയ ഇടങ്ങൾ തേടാൻ നിർബന്ധിതരാക്കുകയും ചെയ്യും.

ചരിത്രപരമായ ചില ആഖ്യാനങ്ങൾ പരിശോധിച്ചാൽ മനസ്സിലാകുന്ന ഒരു വസ്തുത കേരളത്തിന്റെ കടൽത്തീരം സമ്പന്നമായ വന പ്രദേശങ്ങൾ ആയിരുന്നു എന്നതാണ്. ഇതിൽ വലിയൊരു ഭാഗം ഉപ്പിനെ പ്രതിരോധിക്കാനും കര രൂപപ്പെടുത്താനും കഴിവുള്ള കണ്ടലുകൾ ആയിരുന്നു. നെൽ-മീൻ കൃഷി, കപ്പൽ, വള്ളം തുടങ്ങിയവയുടെ നിർമ്മാണം എന്നിവയ്ക്കായി നിർല്ലോഭം കണ്ടൽവെട്ടിയ ചരിത്രമുണ്ട് നമ്മുടെ നാടിന്. കപ്പൽ ഗതാഗതം പ്രാഥമിക ചരക്കുനീക്കോപാധിയായിരുന്ന പ്രാചീന-മധ്യകാലഘട്ടങ്ങളിൽ തീരപ്രദേശങ്ങളിലെ വിശാലമായ കണ്ടൽക്കാടുകൾ നാവികരെയും നാട്ടുകാരെയും സംബന്ധിച്ചിടത്തോളം ഒരു മാർഗ്ഗതടസം ആയിരുന്നു. അന്നുമുതൽ ഇങ്ങോട്ട് സമീപകാലത്ത് വന-വന്യജീവി-പരിസ്ഥിതി-തണ്ണീർത്തട സംരക്ഷണ നിയമങ്ങൾ ആവിഷ്കരിക്കും വരെ ഈ തീരദേശക്കാടുകൾ തുടർച്ചയായി നശിപ്പിക്കപ്പെട്ടിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ ചിന്തിച്ചാൽത്തന്നെ കണ്ടലുമായി ബന്ധപ്പെട്ട ജന്തുക്കളുടെ ആകെ സംഖ്യയിൽ തീവ്രമായ കുറവുണ്ടായതായി മനസ്സിലാക്കാം.

ക്രറ്റേഷ്യസ് (CRETACEOUS) യുഗത്തിൽ കണ്ടലുകൾ രൂപംകൊണ്ടു തുടങ്ങിയെന്നാണ് ശാസ്ത്രമതം. ആ നിലയ്ക്ക് മനുഷ്യനും എത്രയോ മുമ്പോ, കണ്ടലുകളെ ആശ്രയിച്ച് ജീവിച്ചു വന്നവരാണ് പല പക്ഷി വർഗ്ഗങ്ങളും. ഇപ്പോൾ, നൂറ്റാണ്ടുകളായി കണ്ടൽവനങ്ങളെ ആശ്രയിക്കുന്ന ജീവികളിൽ മനുഷ്യനും മുൻപന്തിയിലുണ്ട്. പ്ലാസ്റ്റിക്കും രാസവിഷങ്ങളുമൊന്നും തീണ്ടിത്തുടങ്ങിയിട്ടില്ലാത്ത പഴയകാലങ്ങളിലെ ഈ ഓരുജല ജൈവവ്യവസ്ഥയുടെ ശുദ്ധത നമുക്ക് ഊഹിക്കാവുന്നതെ ഉള്ളൂ. മലകളിൽ നിന്ന് പുഴകൾ തുടർച്ചയായി നിക്ഷേപിക്കുന്ന ധാതുസമൃദ്ധമായ എക്കൽ കൊണ്ട് നിരന്തരം പോഷണം നേടിയിരുന്ന ഇടങ്ങളായിരുന്നു അത്. അതിസൂക്ഷ്മ ജീവികൾ തുടങ്ങി സസ്യ-ജന്തുപ്ലവകങ്ങളും മത്സ്യങ്ങളും ഞണ്ടുകളും ചെമ്മീനുകളും കക്കകളും പക്ഷികളും സസ്തനികളും ഒക്കെ ചേർന്ന് വളരെ സന്തുലിതമായ ജീവമേഖലകൾ ആയിരുന്നു അവിടം. വരുംകാല കണ്ടൽസംരക്ഷണ പ്രവർത്തനങ്ങൾ എണ്ണത്തിലും തരത്തിലും സമ്പന്നമായ തലത്തിൽ പക്ഷികളുടെ അധിവാസത്തിനുതകുംവിധം കണ്ടൽവനങ്ങളുടെ വിശാലതയും സംശുദ്ധിയും തിരികെ കൊണ്ടുവരാൻ നമുക്ക് പരിശ്രമിക്കാം.

**(കൊച്ചി കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനത്തിലെ ഗവേഷകരാണ് ലേഖകർ)**